## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1042. 01.03.2017 ന് മറുപടിയ്ക്ക്

## ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് ലഹരിപദാർത്ഥങ്ങൾ എത്തിച്ചുകൊടുക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ പരാതിപ്പെടാൻ ഹെൽപ് ലൈൻ നമ്പറുകൾ ഏർപ്പെടുത്തുന്നതിനും അത് പ്രകാരം ലഭ്യമാകുന്ന പരാതികളിൽ അടിയന്തര ഇടപെടൽ നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (എ) | വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട എല്ലാ പരാതികളും അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് ഹെൽപ്പ് ലൈൻ നമ്പരുകൾ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ മെസേജുകൾ, വാട്ട്സ് ആപ്പ് മെസേജുകൾ, ടെലിഫോൺ മെസേജുകൾ എന്നിവ നൽകാവുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 9447178000, 9061178000 എന്നീ നമ്പരുകൾ പ്രവർത്തന സജ്ജമാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന 155358 എന്ന ഹോട്ട് ലൈൻ നമ്പർ പ്രവർത്തിച്ചു വരുന്നു. എക്സൈസ് വകുപ്പിന് ലഭിക്കുന്ന പരാതികളും, രഹസ്യ വിവരങ്ങളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ